"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതു വിദ്യാഭ്യാസം - ഉമയനല്ലൂർ മൈലാപ്പൂർ എ.കെ.എം.എച്ച്.എസ് ലെ എച്ച്.എസ്.ടി(ഇംഗ്ലീഷ്) ശ്രീമതി.സൗഫി സലാം ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.14384/2020 ലെ 16.07.2020 ലെ വിധിന്യായത്തിലെ നിർദേശം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ (ബി) വകുപ്പ്**

G.O.(Rt)No.2328/2022/GEDN തീയതി,തിരുവനന്തപുരം, 08-04-2022

---

പരാമർശം:-

1. ശ്രീമതി.സൗഫി സലാമിന്റെ 24.12.2019 ലെ റിവിഷൻ ഹർജി
2. ശ്രീമതി.സൗഫി സലാം ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.14384/2020 ലെ 16.07.2020 ലെ വിധിന്യായം
3. കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെ 16.02.2022 ലെ ഡി.ഡി.ഇ.കെ.എൽ.എം/14343/2021-ഇ3 നമ്പർ കത്ത്
4. കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 23.02.2022 ലെ ബി1/4009/2020 നമ്പർ കത്ത്
5. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ ഇറ്റി1/13912/2021/ഡിജിഇ നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ഉമയനല്ലൂർ മൈലാപ്പൂർ എ . കെ . എം . എച്ച് . എസ് ലെ എച്ച് . എസ് . ടി ( ഇംഗ്ലീഷ് ) ശ്രീമതി . സൗഫി സലാം ബഹു . കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.14384/2020 ലെ 16.07.2020 ലെ വിധിന്യായത്തിൽ ഹർജിക്കാരി സർക്കാർ മുമ്പാകെ ഫയൽ ചെയ്ത എക്സിബിറ്റ് പി 7 റിവിഷൻ ഹർജി , പി 8 ഓർമക്കുറിപ്പ് എന്നിവ ഹർജിക്കാരിയെയും 5- ാം എതിർ കക്ഷിയെയും നേരിൽ കേട്ട് തീർപ്പാക്കുന്നതിന് ഒന്നാം എതിർകക്ഷിയായ പൊതു വിദ്യാഭ്യാസ സെക്രട്ടറിക്ക് നിർദേശം നല്കിയിരുന്നു . ആയതിൻ പ്രകാരം ഈ കേസുമായി ബന്ധപ്പെട്ടവരുടെ വാദം 28.2.2022 ന് നേരിൽ കേട്ടു . ഹർജിക്കാരിയുടെ എക്സിബിറ്റ് പി .7 & പി .8 ലെ വാദം ചുവടെ ചേർക്കുന്നു .

"In the absence of any statutory definition for an additional post either in The Right of Children to Free and Compulsory Education Act 2009 (Central Act 35/2009) or in the Kerala Rules for Right of Children to Free and Compulsory Education 2011 or in the KE ACT 1958 and the Rules thereunder amended from time to time there cannot be any adoption of dual standards from among the Teachers appointed in Retirement/Promotion/Long Leave Vacancies or Death Vacancies with those appointed initially against additional division vacancies or

additional posts. The additional vacancy of post is designated so only for that year and once that post is allowed for the subsequent year it becomes a regular post for the subsequent year. The purpose of appointing a teacher is to impart quality education to the pupils and pupils provided accommodation in an additional division cannot be discriminated with that of a pupil accommodated in a regular class division and so as the case of teachers also.

Actually in the instant case of myself, protection benefits are denied to me despite my commencement of service from 1st June 2011 in an additional post which became a regular post from 15/07/2012 in the Staff Fixation proceedings and though the sanctioned regular post for 2012-2013 held by me continued till 14/07/2013, refusing my vacation salary for April-May 2013 in violation to Rule 49 of Chapter XIV A KER read with clause (Xi) of GO (MS) No. 62/73/G.Edn dated 02/05/1973 and Govt. letter No. 4350/J1/76/G.Edn dated 5th January 1979 was highly illegal and liable to be set right. The teachers appointed after me in Aided School Service from 01/06/2012, 01/06/2013 and 01/06/2014 are eligible for Protection benefits whereas myself who entered in service on 01/06/2011 and regularized on 15/07/2012 and who could have continued up to 14/07/2013, but for the illegal termination on 31/03/2013, is by all means entitled to Protection under Clause 1, but for the rider thereon. In view of Article 14 of the Constitution of India there cannot be any restriction to teachers like me due to the mere fact of having held the additional post from 01/06/2011 to 14/07/2012 when the Juniors appointed in June 2013 and June 2014 are enjoying the privilege of Protection. This disparity should be removed. Seniority is the statutory criterion for all benefits vide Rule 34 of Chapter XIV A KER. I occupied a regular post of HST in English in the School from 15/07/2012 as evident. Staff Fixation Proceedings and my termination on the afternoon 31/03/2013 was illegal and had continued till 14/07/2013, I would have got the benefit of 1:40 Ratio for continuance beyond 15/07/2013, When the Govt. extends a benefit in general there should not be any disparity on that as the disparity if occurred will lead to denial of natural justice and here in the instant case patent injustice has been done to me by the Govt. denying natural justice which is totally unfair on the part of the Govt. A popular Govt. is expected to extend equal treatment to similarly placed persons and it is an accepted dictum of law that delay defeats equity and the Hon'ble Supreme Court of India in a catena of decisions has held the same.

Therefore, the denial of protection benefits to the Teacher's like this petitioner appointed initially against an additional post and subsequently regularized in the next staff fixation proceedings against a regular post is totally bad in the eye of law and the same is opposed to Article 14 of the Constitution of India. Therefore, Clause 1 of GO(P) no. 29/2016/G.Edn dated 29/01/16 mentioned above as is liable to be modified incorporating protection benefits to the Teacher's appointed against additional post from 1 June 2011 onwards and regularized in the subsequent year, lest there would be a travesty of justice. Hence in the interest of justice and to provide equal treatment to the similarly placed teachers I request the Government to quash the Orders of the Director of General Education contained in Letter No. DGE/7853/2019/ET-1 dated 29/11/2019 and grant me protection benefits from 15th July 2013 onwards after releasing my Vacation Salary for the period from 01/04/2013 to 31/05/2013 in terms of Government letter No.J3/182/2017/G.Edn dated 05/03/2018 and admitting my entitlement for the Salary from 01/06/2013 to 14/07/2013 in terms of Proceedings Order No. B1-1006/2016 dated 08/04/2016 of the District Educational Officer Kollam produced supra and by virtue of Rule 49 of Chapter XIV A KER read with Clause (xi) of GO(MS) No.62/73/G.Edn dated 02/05/1973 and Govt. letter No. 4350/J1/76/G.Edn dated 5th January 1979. I may be afforded an opportunity of being heard to before the disposal of this Revision Petition filed under Rule 92 of Chapter XIV A KER and it is also requested accordingly before the being Government."

2) ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"മൈലാപ്പൂർ എ.കെ.എം.എച്ച്.എസിൽ 2011-12 വർഷം അനുവദിച്ച എച്ച്.എസ്.ടി (ഇംഗ്ലീഷ്) ന്റെ അധിക തസ്തികയിൽ 01/06/2011 മുതൽ ശ്രീമതി. സൗഫി സലാമിനെ മാനേജർ നിയമിക്കുകയും പ്രസ്തുത നിയമനം 13/01/2017 ലെ ബി.1/3498/16/കെ.ഡിസ് നമ്പർ ഉത്തരവ് പ്രകാരം 01/06/2011 മുതൽ 31/03/2013 വരെ ഈ ആഫീസിൽ നിന്നും അംഗീകരിച്ചു നൽകുകയും ചെയ്തു.

സർക്കാരിന്റെ 29/01/2016 ലെ സ.ഉ.(അ) നം.29/16/പൊ.വി.വ പ്രകാരം 2011-12 മുതലുള്ള തസ്തിക നിർണ്ണയ ഉത്തരവുകൾ പുന:നിർണ്ണയം ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് 2011-12, 2012-13 വർഷങ്ങളിൽ മാത്രം ലഭ്യമായ ഇംഗ്ലീഷിന്റെ അധിക തസ്തികയിൽ നിയമിച്ചത്

| വർഷം | സ്റ്റാൻഡേർഡ് | സ്ട്രെങ്ത് | ഡിവിഷനുകൾ | P.S | N.S | Maths | S.S | English |
|---|---|---|---|---|---|---|---|---|
| | VIII | 195 | 5 | | | | | |
| | IX | 196 | 5 | | | | | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | X | 168 | 4 | 3 | 2 | 3 | 3 | 3 |
| | | | 14 | | | | | |

എച്ച്.എസ്.ടി (ഇംഗ്ലീഷ്) ന്റെ മൂന്നാമത്തെ തസ്തിക ശ്രീമതി.സൗഫി സലാമിന്റെ നിയമനത്തിന് നൽകി.

| വർഷം | സ്റ്റാൻഡേർഡ് | സ്ട്രെങ്ത് | ഡിവിഷനുകൾ | P.S | N.S | Maths | S.S | English |
|---|---|---|---|---|---|---|---|---|
| 2012-13 | VIII | 141 | 4 | 3 | 2 | 3 | 3 | 3 |
| | IX | 207 | 5 | | | | | |
| | X | 193 | 5 | | | | | |
| | | | 14 | | | | | |

| വർഷം | സ്റ്റാൻഡേർഡ് | സ്ട്രെങ്ത് | ഡിവിഷനുകൾ | P.S | N.S | Maths | S.S | English |
|---|---|---|---|---|---|---|---|---|
| | VIII | 127 | 4 | 3 | 2 | 3 | 3 | 2 |
| | IX | 147 | 4 | | | | | |
| | X | 202 | 5 | | | | | |
| | | | 13 | | | | | |

എച്ച്.എസ്.ടി (ഇംഗ്ലീഷ്) ന്റെ ഒരു തസ്തിക മുൻ വർഷത്തിലേതിനെക്കാളും കുറയുന്നു.

| വർഷം | സ്റ്റാൻഡേർഡ് | സ്ട്രെങ്ത് | ഡിവിഷനുകൾ | P.S | N.S | Maths | S.S | English |
|---|---|---|---|---|---|---|---|---|
| 2014-15 | VIII | 111 | 4 | 3 | 2 | 3 | 2 | 2 |
| | IX | 142 | 4 | | | | | |
| | X | 148 | 4 | | | | | |
| | | | 12 | | | | | |

| വർഷം | സ്റ്റാൻഡേർഡ് | സ്ട്രെങ്ത് | ഡിവിഷനുകൾ | P.S | N.S | Maths | S.S | English |
|---|---|---|---|---|---|---|---|---|
| 2015-16 | VIII | 94 | 3 | 2 | 1 | 2 | 2 | 2 |
| | IX | 119 | 3 | | | | | |
| | X | 138 | 3 | | | | | |
| | | | 9 | | | | | |

2011-12, 2012-13 വർഷങ്ങളിൽ മാത്രമേ എച്ച്.എസ്.ടി (ഇംഗ്ലീഷ്) മൂന്നാം തസ്തിക ലഭ്യമായിരുന്നുള്ളൂ. എച്ച്.എസ്.ടി (ഇംഗ്ലീഷ്) ന്റെ മറ്റു തസ്തികകളിൽ അദ്ധ്യാപകർ

സേവനമനുഷ്ഠിക്കുന്നു. അതിനാലാണ് ശ്രീമതി. സൗഫി സലാമിന്റെ നിയമനം 01/06/2011 മുതൽ 31/03/2013 വരെ മാത്രം അംഗീകരിച്ചു നൽകിയത്. VIII-ാം സ്റ്റാൻഡേർഡിൽ 1:35 അനുപാതത്തിൽ പരിഗണിച്ചാലും എച്ച്.എസ്.ടി (ഇംഗ്ലീഷ്) തസ്തിക ലഭ്യമാകുന്നില്ല. എച്ച്.എസ്.ടി (പി.എസ്) - 1, എച്ച്.എസ്.ടി (എസ്.എസ്) - 1 തസ്തികകളാണ് 1:35 അനുപാത പ്രകാരം ലഭ്യമാകുന്നത്.

ശ്രീമതി.സൗഫി സലാമിനെ അദ്ധ്യാപക പാക്കേജിൽ ഉൾപ്പെടുത്തണമെന്ന പരാതി നൽകുകയും 2011-12 വർഷം മുതൽ അധിക തസ്തികയിൽ നിയമിക്കുകയും തസ്തിക നിർണ്ണയം വഴി തസ്തികയില്ലാതെ പുറത്താവുകയും ചെയ്തതിനാൽ സംരക്ഷണം നൽകുന്നതിനോ റിട്രഞ്ച് ലിസ്റ്റിലോ അദ്ധ്യാപക ബാങ്കിലോ ഉൾപ്പെടുത്താൻ കഴിയുകയില്ലെന്ന് പരാതിക്കാരിയെ അറിയിച്ചിട്ടുള്ളതാണ്.

മൈലാപ്പൂർ എ.കെ.എം.എച്ച്.എസ് ൽ 2013-14 മുതൽ എച്ച്.എസ്.ടി (ഇംഗ്ലീഷ്) ന്റെ മൂന്നാം തസ്തിക ലഭ്യമല്ല എന്നു കൂടി അറിയിക്കുന്നു."

3) വിദ്യാഭ്യാസ ഉപഡയറക്ടറുടെ വാദം ചുവടെ ചേർക്കുന്നു.

"2011-12 അദ്ധ്യയന വർഷം മുതൽ തസ്തിക നിർണ്ണയം അതാത് അദ്ധ്യയന വർഷങ്ങളിൽ കെ.ഇ.ആർ ചട്ട പ്രകാരം പൂർത്തീകരിയ്ക്കാതിരുന്നതിനാലാണ് ടിയാരിയുടെ നിയമനം 2011-12 വർഷത്തിൽ അംഗീകരിയ്ക്കപ്പെടാതിരുന്നത്. തുടർന്ന് 2016-17 വർഷം മുൻകാല പ്രാബല്യത്തോടെ നിയമനങ്ങൾ അംഗീകരിയ്ക്കുന്നതിനു വേണ്ടി തസ്തിക നിർണ്ണയ ഉത്തരവുകൾ പുറപ്പെടുവിയ്ക്കുകയും 2011-12 വർഷത്തിൽ അനുവദിച്ച എച്ച്.എസ്.റ്റി (ഇംഗ്ലീഷ്) ന്റെ അധിക തസ്തിക 2013-14 ൽ നഷ്ടപ്പെട്ടതിനെ തുടർന്ന് ടിയാരിയുടെ നിയമനം 01/06/2011 മുതൽ 31/03/2013 വരെ പരിമിതപ്പെടുത്തി നൽകുകയും ചെയ്തിട്ടുള്ളതാണ്. യഥാകാലങ്ങളിൽ തസ്തിക നിർണ്ണയം പൂർത്തീകരിച്ചിരുന്നുവെങ്കിൽ ടിയാരിയുടെ നിയമനം 2011-12 ലെ അധിക തസ്തികകൾക്ക് പ്രാബല്യം ലഭിയ്ക്കുന്ന തീയതി മുതൽ തുടർച്ചയായി അംഗീകരിയ്ക്കുന്നതിന് സാധിയ്ക്കുകയും തുടർന്നുള്ള തസ്തിക നിർണ്ണയത്തിൽ തസ്തിക നഷ്ടപ്പെടുന്നതു വരെ ടിയാരിയ്ക്ക് നിലനിൽക്കാൻ സാധിക്കുകയും ചെയ്യുമായിരുന്നു.

ടിയാരിയുടെ റിവിഷൻ ഹർജിയിൽ പരാമർശിക്കുന്ന 05/03/2018-ലെ ജെ3/182/2017/പൊ.വി.വ സർക്കാർ കത്തിൽ വ്യക്തമാക്കുന്ന പ്രകാരം ടിയാരിയ്ക്ക് 01/06/2011 മുതൽ 14/07/2013 വരെ തുടരാനാകുമെന്ന് അപ്പീലിൽ സൂചിപ്പിക്കുന്നു. അതുപ്രകാരം വെക്കേഷൻ സാലറി അനുവദിയ്ക്കണമെന്നും ഹർജിക്കാരി ആവശ്യപ്പെടുന്നുണ്ട്. കൂടാതെ പ്രസ്തുത സർക്കുലർ പ്രകാരം 14/07/2013 വരെ തുടരാനാകുമായിരുന്നെങ്കിൽ 2013-14 അദ്ധ്യയന വർഷം 1:40 അനുപാതത്തിൽ തുടരാമായിരുന്നുവെന്നും വാദിക്കുന്നു.

05/03/2018-ലെ ജെ3/182/2017/പൊ.വി.വ സർക്കാർ കത്തിൽ ഇപ്രകാരം വ്യക്തമാക്കുന്നു.

*"Therefore it is clarified that teachers appointed in permanent vacancies in aided schools shall be eligible for vacation salary irrespective of the length of service, Rule 19 Chapter 14 A K.E.R is only applicable to the aided school teachers appointed in vacancies which are not permanent and in such cases vacation salary shall be disbursed only if the provisions in Rule*

*49 are satisfied*".

സ്ഥിര തസ്തികകളിൽ നിയമിതരാകുന്ന അദ്ധ്യാപകരുടെ നിയമന കാല ദൈർഘ്യം പരിഗണിയ്ക്കാതെ തന്നെ വെക്കേഷൻ ശമ്പളത്തിന് അർഹതയുണ്ട് എന്നും താത്കാലിക തസ്തികകളിൽ നിയമിതരായവർക്ക് ചട്ടം 49 പ്രകാരം വെക്കേഷൻ ശമ്പളം അനുവദിയ്ക്കാമെന്നുമാണ് പ്രസ്തുത കത്തിൽ വ്യക്തമാക്കിയിരുന്നത്. തസ്തിക നിർണ്ണയ പ്രാബല്യ തീയതി കണക്കാക്കി 14/07/2013വരെ തുടരാൻ അനുവദിയ്ക്കണമെന്ന ടിയാരിയുടെ ഹർജിയിലെ ആവശ്യം പരിഗണന അർഹിക്കുന്നു. എന്നാൽ 2013-14 വർഷം 1:40 അനുപാതത്തിൽ അദ്ധ്യാപകരെ നിലനിർത്തുന്നതിന് ഉത്തരവുകളൊന്നും തന്നെ സർക്കാർ പുറപ്പെടുവിച്ചിട്ടില്ലാത്തതിനാൽ 2013-14 വർഷം 1:40 അനുപാതത്തിൽ നിലനിൽക്കാമായിരുന്നുവെന്ന വാദം പരിഗണനാർഹമല്ല.

2011-12 മുതൽ നിയമിതരായ അദ്ധ്യാപക അനദ്ധ്യാപക ജീവനക്കാരുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് 29/01/2016-ലെ ജി.ഒ (പി) നം.29/2016/പൊ.വി.വ ഉത്തരവിലെ നിബന്ധനകൾക്ക് തന്നെയാണ് ഇപ്പോഴും പ്രാബല്യമുള്ളത്. ടി ഉത്തരവിലെ ഖണ്ഡിക (1) ഉപഖണ്ഡിക (5) പ്രകാരം 2011-12 വർഷം മുതൽ 2014-15 വരെ രാജി, മരണം, റിട്ടയർമെന്റ്, പ്രൊമോഷൻ, സ്ഥലംമാറ്റം എന്നീ റെഗുലർ തസ്തികകളിൽ നിയമിക്കപ്പെട്ടവർക്കും മാത്രമാണ് സംരക്ഷണത്തിന് അർഹത ഉള്ളത്. ടി കാലയളവിൽ അധിക തസ്തികകളിൽ നിയമിതരായവർക്ക് സംരക്ഷണത്തിന് അർഹതയില്ലാത്തതിനാൽ അദ്ധ്യാപക ബാങ്കിൽ ഉൾപ്പെടുത്തണമെന്ന ശ്രീമതി. സൗഫി സലാം-ന്റെ ഹർജിയിലെ ആവശ്യം പരിഗണനാർഹമല്ല"

4) മേല്പറഞ്ഞ വസ്തുതകൾ ഹിയറിങ് സമയത്തെ വാദം, ഹാജരാക്കപ്പെട്ട രേഖകൾ ബന്ധപ്പെട്ട ചട്ടങ്ങൾ/ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചു. കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള സ്ഥിതിവിശേഷം ഇപ്പോഴും നിലനിൽക്കുന്നതിനാൽ,

ഒന്ന്) 2013-14 വർഷം 1:40 അനുപാതത്തിൽ നിലനിൽക്കാമായിരുന്നുവെന്ന വാദം അംഗീകരിക്കത്തക്കതല്ല. എന്നിരുന്നാലും തസ്തിക നിർണ്ണയ പ്രാബല്യ തീയതി കണക്കാക്കി 14/07/2013വരെ തുടരാൻ അനുവദിയ്ക്കണമെന്ന ടിയാരിയുടെ ഹർജിയിലെ ആവശ്യം അനുവദിക്കാവുന്നതാണ്.

രണ്ട്) അദ്ധ്യാപക ബാങ്കിൽ ഉൾപ്പെടുത്തണമെന്ന ശ്രീമതി. സൗഫി സലാം-ന്റെ ഹർജിയിലെ ആവശ്യം പരിഗണനാർഹമല്ല.

5) മേൽ സാഹചര്യത്തിൽ തസ്തിക നിർണ്ണയ പ്രാബല്യ തീയതി കണക്കാക്കി 14/07/2013വരെ

ശ്രീമതി.സൗഫി സലാമിനെ തുടരാൻ അനുവദിയ്ക്കണമെന്ന ആവശ്യം അനുവദിച്ചും ടിയാരിയെ അദ്ധ്യാപക ബാങ്കിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം നിരസിച്ചും എക്സിബിറ്റ്.പി.7&പി. 8 തീർപ്പാക്കി അപ്രകാരം ഉമയനല്ലൂർ മൈലാപ്പൂർ എ.കെ.എം.എച്ച്.എസ് ലെ എച്ച്.എസ്.ടി(ഇംഗ്ലീഷ്) ശ്രീമതി.സൗഫി സലാം ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.14384/2020 ലെ 16.07.2020 ലെ വിധിന്യായത്തിലെ നിർദേശം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
A P M MOHAMMED HANISH
PRINCIPAL SECRETARY

അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം(ആമുഖ കത്ത് സഹിതം)
പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, കൊല്ലം, തേവള്ളി
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, സിവിൽ സ്റ്റേഷൻ, കൊല്ലം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ), കേരള, തിരുവനന്തപുരം
മാനേജർ, എ.കെ.എം.ഹയർ സെക്കണ്ടറി സ്കൂൾ, മൈലാപ്പൂർ, ഉമയനെല്ലൂർ, കൊല്ലം
പ്രധാനാധ്യാപകൻ, എ.കെ.എം.ഹയർ സെക്കണ്ടറി സ്കൂൾ, മൈലാപ്പൂർ, ഉമയനെല്ലൂർ, കൊല്ലം
ശ്രീമതി.സൗഫി സലാം, എച്ച്.എസ്.ടി(ഇംഗ്ലീഷ്), എ.കെ.എം.ഹയർ സെക്കണ്ടറി സ്കൂൾ, മൈലാപ്പൂർ, ഉമയനെല്ലൂർ, കൊല്ലം
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
**Signed by Shahna Kumari S L**
**Date: 08-04-2022 14:42:42**
സെക്ഷൻ ഓഫീസർ